## പതിനാലാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 958 04.03.2020-ൽ മറുപടിയ്ക്ക്**

### പെരുമ്പാവൂർ എക്സൈസ് സർക്കിളിലെ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| (എ) ബാർ ഉടമകളിൽ നിന്നും മാസപ്പടി വാങ്ങിയെന്ന ആരോപണം നേരിട്ട പെരുമ്പാവൂർ എക്സൈസ് സർക്കിളിലെ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടുണ്ടോ; എങ്കിൽ ഇവരെ ഏതൊക്കെ സ്ഥലങ്ങളിലേക്കാണ് മാറ്റിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) ഉണ്ട്. എക്സൈസ് ഉദ്യോഗസ്ഥർ മാസപ്പടി വാങ്ങുന്നുവെന്ന ആരോപണം സംബന്ധിച്ച് പത്രമാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഒരു പ്രാഥമിക നടപടിയെന്ന നിലയിൽപെരുമ്പാവൂർ സർക്കിളിലെ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി നിയമിച്ചിട്ടുള്ളതാണ്. ആലുവ, അങ്കമാലി, കാലടി, പിറവം, മൂവാറ്റുപുഴ, കോതമംഗലം എക്സൈസ് റേഞ്ച് ഓഫീസുകളിലേയ്ക്കും, മൂവാറ്റുപുഴ, കോതമംഗലം എന്നീ എക്സൈസ് സർക്കിൾ ഓഫീസുകളിലേയ്ക്കും എറണാകുളം എക്സൈസ് ഡിവിഷൻ ഓഫീസിലേയ്ക്കുമാണ് ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുള്ളത്. |
| (ബി) വീടിന് സമീപത്തുള്ളതും, കൂടുതൽ സൗകര്യപ്രദമായതുമായ ഓഫീസുകളിലേക്കാണ് പ്രസ്തുത ഉദ്യോഗസ്ഥർക്ക് സ്ഥലം മാറ്റം നൽകിയതെന്ന ആക്ഷേപം പരിശോധിക്കുമോ; | (ബി) അത്തരത്തിലുള്ള ആക്ഷേപങ്ങൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല. |
| (സി) എക്സൈസ് ഉദ്യോഗസ്ഥരും, ബാർ ഉടമകളും തമ്മിലുള്ള അവിശുദ്ധ ബന്ധം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുമോ? | (സി) പ്രസ്തുത ആരോപണങ്ങളെക്കുറിച്ച് എക്സൈസ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ